# പതിനാലാം കേരള നിയമസഭ
# പതിനെട്ടാം സമ്മേളനം
# നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 458
# 04/02/2020 ലെ മറുപടിക്ക്

## എം.എൽ.എ. ഫണ്ട്

| | ചോദ്യം<br>ശ്രീ.ഒ. ആർ. കേളു | ഉത്തരം<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | എയ്ഡഡ് സ്കൂളുകൾക്ക് പാചകപ്പുര, ടോയ്‌ലറ്റ്, കുടിവെള്ള പദ്ധതികൾ എന്നിവ എം.എൽ.എ.യുടെ എ ഡി എഫ്- എസ് ഡി എഫ്-ൽ നിന്നും അനുവദിക്കുന്നതിന് സ്കൂളിന്റെ സ്ഥലം സർക്കാരിലേക്ക് വിട്ടു നൽകണമെന്ന നിബന്ധന ഉണ്ടോയെന്ന് വ്യക്തമാക്കാമോ; | നിബന്ധനയില്ല. |
| (ബി) | എയ്ഡഡ് സ്കൂളുകൾക്ക് എം.എൽ.എ. ഫണ്ട് അനുവദിക്കുന്നതിനുള്ള മാനദണ്ഡം എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ? | എം.എൽ.എ മാരുടെ പ്രത്യേക വികസന നിധി (MLA SDF) എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കായി കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ, സ്മാർട്ട് ക്ലാസ്സ് റൂമുകൾ സ്ഥാപിക്കൽ, ടോയ് ലെറ്റുകൾ പാചകപ്പുരകൾ എന്നിവയുടെ നിർമ്മാണം, ടോയ് ലെറ്റുകളോട് ചേർന്ന് സാനിറ്ററി നാപ്കിൻ വെൻഡിംഗ്/ഡിസ്പോസർ മെഷീനുകൾ സ്ഥാപിക്കൽ, കുടിവെള്ളം എത്തിക്കുന്നതിനുള്ള പൈപ്പിടൽ, ടാങ്ക് നിർമ്മാണം/വാങ്ങൽ, വാട്ടർ പ്യൂരിഫയർ വാങ്ങൽ, വാട്ടർ റീചാർജ്ജിംഗ് സൗകര്യമൊരുക്കൽ, കുഴക്കിണർ നിർമ്മിക്കൽ എന്നിവയ്ക്കായി വിനിയോഗിക്കാൻ അനുമതി നൽകിയിട്ടുണ്ട്. നിയോജകമണ്ഡല ആസ്തി വികസന ഫണ്ട് (LAC ADF) വിനിയോഗിച്ച് എയ്ഡഡ് സ്കൂളുകളിൽ ടോയ് ലെറ്റും പാചകപ്പുരയും നിർമ്മിക്കാൻ അനുമതി നൽകിയിട്ടുണ്ട്. ഇതിനായി ആസ്തി വികസന ഫണ്ടിൽ നിന്നും ഒരു സ്കൂളിന് പരമാവധി 10 ലക്ഷം രൂപ ചെലവഴിക്കാവുന്നതാണ്. കൂടാതെ എയ്ഡഡ് സ്കൂളുകളുടെ നവീകരണത്തിനായി സർക്കാർ പ്രഖ്യാപിച്ച ചലഞ്ച് ഫണ്ട് പദ്ധതിയിൽ നിയോജകമണ്ഡല ആസ്തി വികസന ഫണ്ട് വിനിയോഗിക്കാവുന്നതാണ്. ചലഞ്ച് ഫണ്ട് പദ്ധതിയിൽ ഒരു സ്കൂളിനായി അനുവദിക്കാവുന്ന സർക്കാർ/ആസ്തി വികസന ഫണ്ട് വിഹിതം പരമാവധി 50 ലക്ഷം രൂപയാണ്. സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണം/നവീകരണം, ലൈബ്രറി/ലബോറട്ടറി, ഹൈടെക്ക്/സ്മാർട്ട് ക്ലാസ്സ് റൂമുകൾ, സ്കൂൾ സ്റ്റേഡിയങ്ങളുടെ നിർമ്മാണം/നവീകരണം, കളിസ്ഥല നിർമ്മാണം, ചുറ്റുമതിൽ നിർമ്മാണം, ശുചിമുറി നിർമ്മാണം, പാചകപ്പുര/ഡൈനിംഗ് ഹാൾ, കുടിവെള്ള സൗകര്യം ഒരുക്കൽ എന്നിവ ചലഞ്ച് ഫണ്ട് പദ്ധതിയിൽ അനുവദനീയമാണ്. |

സെക്ഷൻ ഓഫീസർ